പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4856 27-10-2016 ൽ മറുപടിക്ക്

# സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ശ്രീ.റ്റി.വി.രാജേഷ് | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| വിദ്യാഭ്യാസ അവകാശ നിയമ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്ത് സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | വിദ്യാഭ്യാസ അവകാശ നിയമം 2009 ൽ 6 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ ആകെ 100 ൽ കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ കലാകായിക, പ്രവൃത്തി പരിചയ വിഷയങ്ങളിൽ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 100 കുട്ടികളിൽ കൂടുതലുള്ള യു.പി.സ്കൂളിലേയ്ക്കും, 150 കുട്ടികളിൽ കൂടുതലുള്ള എൽ.പി.സ്കൂളിലേയ്ക്കും കലാ(സാഹിത്യം, ചിത്രകല), കായിക, പ്രവൃത്തി പരിചയം എന്നീ മൂന്ന് വിഷയങ്ങളിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരെ കരാർ അടിസ്ഥാനത്തിൽ കൺസോളിഡേറ്റഡ് ശമ്പളം (29000/മാസം) നൽകികൊണ്ട് കേന്ദ്ര മാനവവിഭവ ശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും കെ.ഇ.ആർ ലെ യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ചും സംസ്ഥാന സർക്കാർ സ്കൂളുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കുവാൻ എസ്.എസ്.എ.സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തി 15/10/2016ലെ സ.ഉ.(എം.എസ്)നം.170/2016/പൊവിവ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരെ അടിയന്തിരമായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു കഴിഞ്ഞു. നവംബർ ആദ്യവാരം നടക്കുന്ന ഇന്റർവ്യൂവിലൂടെ അർഹതയുള്ളവരെ തെരഞ്ഞെടുത്ത് നിയമനം നൽകാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ